(ബി) എങ്കിൽ സംസ്ഥാനത്തെ ഈ വർഷത്തെ കേരളോത്സവം എപ്പോൾ നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷത്തെ കേരളോത്സവത്തോടനുബന്ധിച്ചുള്ള ജില്ലാ സംസ്ഥാനതല കലാകായിക മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് പ്രൈസ് മണി നൽകുന്നതിന് നടപടി സ്വീകരിച്ചുവോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഈ വർഷത്തെ "ദേശീയ യുവജൽസവം" കേരളത്തിൽ വച്ചു നടത്തുന്നതിന് തീരുമാനമായിട്ടുണ്ടോ;

(എഫ്) 'ദേശീയ യുവജൽസവി'ന്റെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ എത്ര യെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഈ വർഷം സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ ലോക്സഭാ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ സെപ്തംബർ മാസം നടത്തിക്കൊണ്ടിരിക്കുന്ന കേരളോത്സവം ഒക്ടോബർ 5-ന് പഞ്ചായത്തുതലത്തിൽ, ആരംഭിക്കുവാൻ തീരുമാനിച്ചു.

(ബി) വിവിധ തലങ്ങളിലുള്ള കേരളോത്സവം താഴെപ്പറയുന്ന തീയതികളിൽ നടത്താവുന്നതാണ്.

ഗ്രാമപഞ്ചായത്ത് തലം - ഒക്ടോബർ 5 മുതൽ 20 വരെ.

ബ്ളോക്ക് മുനിസിപ്പൽ തലം - ഒക്ടോബർ 25 മുതൽ നവംബർ 10 വരെ.

ജില്ലാതലം - നവംബർ 15 മുതൽ 25 വരെ.

സംസ്ഥാന തലം - ഡിസംബർ 10 മുതൽ 20 നകം.

(സി)&(ഡി) സംസ്ഥാന ജില്ലാ കേരളോത്സവത്തിൽ പങ്കെടുത്ത് 1,2,3 സ്ഥാനങ്ങളിൽ വരുന്നവർക്ക് പ്രൈസ് മണി നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.

(ഇ) "ദേശീയ യുവ ഉൽസവം" കേരളത്തിന് അനുവദിക്കാമെന്ന് കേന്ദ്ര സ്പോർട്സ് - യുവജനകാര്യവകുപ്പു മന്ത്രിയും, കേരള യുവജനക്ഷേമ വകുപ്പുമന്ത്രിയും ഡൽഹിയിൽ വച്ച് നടത്തിയ ചർച്ചയിൽ സമ്മതിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധമായി കേന്ദ്ര സർക്കാരിന്റെ അനുമതി ഉത്തരവ് ലഭിച്ചിട്ടില്ല.

(എഫ്)ഉണ്ട്. ഇതിന്റെ നടത്തിപ്പിനായി മൊത്തം 3.50 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. ഇതിൽ പകുതി തുക കേന്ദ്ര സർക്കാർ തരുമെന്നാണ് പ്രതീക്ഷ.

25 (1568) ഒന്നാം ക്ളാസിൽ ചേരുന്ന വിദ്യാർത്ഥികൾ

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ഡി.പി.ഇ.പി. പാഠ്യപദ്ധതിയുടെ ന്യൂനതകൊണ്ട് സംസ്ഥാനത്തെ സർക്കാർ, എയിഡഡ് സ്കൂളുകളിൽ ഒന്നാം ക്ളാസ്സിൽ ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു വരുന്നതായ സംഗതി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ;

(ബി) കഴിഞ്ഞ മൂന്നു വർഷങ്ങളിലായി സംസ്ഥാനത്തെ സർക്കാർ, എയിഡഡ് സ്കൂളുകളിലെ ഒന്നാം ക്ളാസ് വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(സി) നടപ്പു വർഷം ഒന്നാം ക്ളാസിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ കുറവ് എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡി.പി.ഇ.പി. പാഠ്യപദ്ധതിയുടെ ന്യൂനതകൊണ്ട് സർക്കാർ എയിഡഡ് സ്കൂളുകളിൽ ഒന്നാം ക്ളാസിൽ ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായതായി തെളിയിക്കപ്പെട്ടിട്ടില്ല. ഡി.പി.ഇ.പി. ആരംഭിക്കുന്നതിന് മുൻപ് തന്നെ സർക്കാർ/എയിഡഡ് സ്കൂളുകളിലെ ഒന്നാം ക്ളാസ്സിലെ വിദ്യാർത്ഥി പ്രവേശനത്തിൽ കുറവ് കണ്ടുതുടങ്ങിയിരുന്നു.

(ബി) കഴിഞ്ഞ മൂന്നു വർഷത്തെ സർക്കാർ എയിഡഡ് സ്കൂളുകളിലെ ഒന്നാം ക്ളാസിലെ വിദ്യാർത്ഥി പ്രവേശനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

അദ്ധ്യയന വർഷം	കുട്ടികളുടെ എണ്ണം
1996-97	4,81,852
1997-98	4,49,485
1998-99	4,38,821

ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

26 (1569) പാഠപുസ്തക രചയിതാക്കളുടെ വിദ്യാഭ്യാസ യോഗ്യത

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. കെ. സുധാകരൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. പദ്ധതി പ്രകാരമുള്ള പാഠപുസ്തക രചന നടത്തുന്നത് ആരെല്ലാമാണ്;

(ബി) ഇവരുടെ വിദ്യാഭ്യാസ യോഗ്യതയെന്താണ്;

(സി) ഇവർക്ക് കുട്ടികൾക്കുവേണ്ടിയുള്ള പുസ്തകം രചിക്കുന്നതിനുള്ള പ്രായോഗിക പരിചയം എന്താണ്;

(ഡി) പാഠപുസ്തക രചനയിൽ അവർക്കുള്ള പ്രായോഗികപരിചയം എന്താണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly